# കിഡ്സ് ഗ്ലോവ്- സൈബർ സെക്യൂരിറ്റി ജില്ലാതല ക്യാന്പയിൻ നടത്തി

എറണാകുളം റൂറൽ ജില്ലാ പോലീസും കേരള പോലീസ് സൈബർഡോമുമായി സഹകരിച്ചുകൊണ്ടു 26/02/2018 തിയ്യതി ആലുവ നിർമ്മല ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് കിഡ്സ് ഗ്ലോവ് - എന്ന പദ്ധതിയുടെ കീഴിൽ ജില്ലാതല സൈബർ സെക്യൂരിറ്റി ക്യാന്പയിൻ നടത്തി.

കുട്ടികൾക്കും അദ്ധ്യാപകർക്കും ഇന്ററർനെറ്റ് അധിഷ്ഠിത സേവനങ്ങൾ ഉപയോഗിക്കുമ്പോൾ സുരക്ഷിതരാകുന്നതിലേക്ക് അവരെ ബോധവൽക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രസ്തുത ക്യാന്പയിന്റെ ഉൽഘാടനം, സുപ്രസിദ്ധ ഐ.എസ്.എൽ കമന്റേറ്ററായ ശ്രീ. ഷൈജു ദാമോദരൻ, ഇന്റർനാഷണൽ ആംറസ്ലിംഗ് ചാന്പ്യനായ ശ്രീ. ജോബി മാത്യു, പ്രസിദ്ധ സിനി ആർട്ടിസ്റ്റും സംവിധായകനും പോലീസുദ്യോഗസ്ഥനുമായ ശ്രീ. അരുൺ വിശ്വം എന്നിവർ ചേർന്ന് നിർവ്വഹിച്ചു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐ.പി.എസ് അദ്ധ്യക്ഷത വഹിച്ചു.

എറണാകുളം റൂറൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ. കെ.ജി.രവീന്ദ്രനാഥ് സ്വാഗതവും, നിർമ്മല ഹയർ സെക്കണ്ടറി സ്കൂൾ പ്രൻസിപ്പൽ സിസ്റ്റർ ടിൻസി ആശംസയും നേർന്നു.

എറണാകുളം റൂറൽ ജില്ലാ സൈബർസെല്ലിലെ പോലീസ് ഉദ്യോഗസ്ഥനായ ശ്രീ. തൽഹത്ത് ആദ്യ സെഷൻ സൈബർ ക്ലാസിനും, ഇന്ത്യയിലെ ആദ്യത്തെ വനിതാ സൈബർ ക്രൈം ഇൻവെസ്റ്റിഗേറ്ററായ ശ്രീമതി. ധന്യാ മേനോൻ ഉച്ചകഴിഞ്ഞുള്ള രണ്ടാമത്തെ സെഷൻ ക്ലാസിനും നേതൃത്വം നൽകി. സൈബർഡോം ഉദ്യോഗസ്ഥരെ കൂടാതെ എറണാകുളം റൂറൽ ജില്ലാ സൈബർസെല്ലിലേയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിലേയും പോലീസ് ഉദ്യോഗസ്ഥരും പരിപാടിയിൽ സംബന്ധിച്ചു.

സ്കൂൾ കുട്ടികൾക്കായി റോബോട്ടിക്സുകളെപ്പറ്റിയുള്ള പരിശീലനവും സംഘടിപ്പിച്ചിരുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ക്യാന്പയിൻ വൈകിട്ട് 4 മണിക്ക് അവസാനിച്ചു.

എറണാകുളം റൂറൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള 500 ഓളം വിദ്യാർത്ഥികളും എസ്.പി.സി. കേഡറ്റുകളും അദ്ധ്യാപകരും ക്യാന്പയിനിൽ പങ്കെടുത്തു.




KIDS GLOVE
A KERALA POLICE INITIATIVE
STATE WIDE CAMPAIGN FOR CYBER SECURITY AWARENESS AMONG STUDENTS
DISTRICT CAMPAIGN ERNAKULAM RURAL
26th FEBRUARY 2018
@ NIRMALA HIGHER SECONDARY SCHOOL, ALUVA TIME 9 AM TO 4 PM
Inauguration : Sri. SHAIJU DAMODARAN ISL COMMENTATOR
: Sri. JOBY INTERNATIONAL ARM WRESTLER
: Sri. ARUN VISWAN CINE ARTIST & FILM DIRECTOR
Presided by : Sri. A.V. GEORGE IPS DISTRICT POLICE CHIEF
Nirmala